(എഫ്) തിരുവനന്തപുരത്തെ ചില സ്കൂളുകളിൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ ഓരോന്നിലും 70-ൽ പരം കുട്ടികൾ പഠിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇതുമൂലം കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും അസൗകര്യവും ഒഴിവാക്കാൻ സ്കൂളധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഒരു ക്ലാസ്സിൽ ഉൾക്കൊള്ളിക്കാവുന്ന കുട്ടികളുടെ എണ്ണം പരമാവധി 50 ആയി കേരള വിദ്യാഭ്യാസ ചട്ടപ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി-ഇ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായാണ് അംഗീകൃത അൺ-എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. അൺ-എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് അധികാരമുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ആവശ്യമായ ഘട്ടത്തിൽ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ക്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി

47 [1449] ശ്രീമതി മാലേത്ത് സരളാദേവി :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയിൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സ്ക്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നു. ;

(ഡി) ഈ സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)—(സി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ഡി) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുക്കുമ്പോൾ നിയമാനുസൃതം അപേക്ഷ സമർപ്പിക്കുന്നവർക്ക് അർഹതാടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതാണ്.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരണവും സർവ്വകലാശാലകളുടെ സ്വയംഭരണവും

48 [1450] ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത് സർവ്വകലാശാലകളുടെ സ്വയം ഭരണത്തെയും ജനാധിപത്യ സ്വഭാവത്തെയും ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന് ഉപദേശം നൽകാനും സർവ്വകലാശാലകൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താനും സർക്കാരും സർവ്വകലാശാലകളും യു. ജി. സി., എ. ഐ. സി. റ്റി. ഇ., ഐ. എം. സി., എൻ. സി. റ്റി. ഇ. തുടങ്ങിയ ദേശീയ സ്ഥാപനങ്ങളുമായുള്ള ബന്ധം സുദൃഢമാക്കുന്നതിനുമാണ് കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) സർവ്വകലാശാലകളുടെ സ്വയം ഭരണത്തെയും ജനാധിപത്യസ്വഭാവത്തെയും ബാധിക്കാത്ത തരത്തിലാണ് കൗൺസിൽ വിഭാവനം ചെയ്തിട്ടുള്ളത്.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്വാശ്രയ കോളേജുകളുടെ ഉത്തര കടലാസ് മൂല്യനിർണ്ണയത്തിന് അമിതഫീസ്

49 [1451] ശ്രീ. ജോർജ്ജ് ജെ. മാത്യു:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. സി. ജോസഫ്:

,, വർക്കല കഹാർ:

,, എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly